REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** **18-05-2026** **സമയം** **12.30 PM**

## പ്രധാന വാർത്തകൾ

- **VD സതീശൻ കേരള മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. 20 മന്ത്രിമാരും അദ്ദേഹത്തോടൊപ്പം മന്ത്രിസഭാംഗങ്ങളായി പ്രതിജ്ഞയെടുത്തു. ആദ്യ മന്ത്രിസഭായോഗം അല്പസമയത്തിനകം.**
- **നിക്ഷേപത്തിനും, നിർമ്മാണത്തിനും, നവീന കണ്ടുപിടുത്തങ്ങൾക്കും ലോകത്തെ ആകർഷണീയമായ കേന്ദ്രങ്ങളിലൊന്നായി ഇന്ത്യ മാറിയിരിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **PM വികാസ് പദ്ധതിക്ക് കോഴിക്കോട്ട് NIT യിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ തുടക്കമിട്ടു.**
- **ആകാശവാണി അഖില കേരള റേഡിയോ നാടകോത്സവം ഇന്ന് സമാപിക്കും.**
- **IPL ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, സൺ റൈസേഴ്സ് ഹൈദരാബാദിനെ നേരിടും.**

## വാർത്തകൾ വിശദമായി

VD സതീശൻ കേരള മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. 2001 മുതൽ പറവൂർ മണ്ഡലത്തിലെ MLA ആയിരുന്ന VD സതീശൻ, ആദ്യമായാണ് മന്ത്രിസഭയ്ക്ക് നേതൃത്വം നൽകുന്നത്. രാവിലെ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നേതാക്കളും പ്രവർത്തകരുമടക്കം ആയിരങ്ങളെ സാക്ഷിയാക്കി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ 21 പേർക്കും സത്യ വാചകം ചൊല്ലിക്കൊടുത്തു.

മുസ്ലീം ലീഗിലെ PK കുഞ്ഞാലിക്കുട്ടിയാണ് ചടങ്ങിൽ രണ്ടാമതായി പ്രതിജ്ഞയെടുത്തത്. പിന്നീട് രമേശ് ചെന്നിത്തലയും സത്യപ്രതിജ്ഞ ചെയ്തു- തുടർന്ന് സണ്ണി ജോസഫാണ് സത്യപ്രതിജ്ഞ ചെയ്തത്.

K.മുരളീധരൻ, മോൻസ് ജോസഫ്, ഷിബു ബേബി ജോൺ, അനൂപ് ജേക്കബ്, C.P.ജോൺ, A.P.അനിൽകുമാർ, N.ഷംസുദീൻ, P.C.വിഷ്ണുനാഥ് മന്ത്രിയായി , റോജി M ജോൺ, ബിന്ദു കൃഷ്ണ , M.ലിജു , K.M ഷാജി, P.K.ബഷീർ, V.E.അബ്ദുൾ ഗഫൂർ, T.സിദ്ദിഖ്, K.A.തുളസി, O.J.ജനീഷ് എന്നിവർ തുടർന്ന് മന്ത്രി സ്ഥാനമേറ്റു.

കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, AICC ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധി, കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ, തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി, ഹിമാചൽ പ്രദേശ് മുഖ്യമന്ത്രി സുഖ്‌വീന്ദർ സിംഗ് സുഖു, കർണാടക ഉപമുഖ്യമന്ത്രി D.K.ശിവകുമാർ, പ്രതിപക്ഷ നേതാവ് പിണറായി വിജയൻ, BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ, CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം, മുസ്ലിം ലീഗ് സംസ്ഥാന അധ്യക്ഷൻ പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ എന്നിവരും ചടങ്ങിന് സാക്ഷ്യം വഹിച്ചു.

തിരുവഞ്ചൂർ രാധാകൃഷ്ണനാണ് നിയമസഭാ സ്പീക്കർ- ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാനും. UDF ചീഫ്‌വിപ്പ് കേരള കോൺഗ്രസ് ജോസഫ് വിഭാഗത്തിലെ അപു ജോൺ ജോസഫാണ്. മന്ത്രിമാരുടെ വകുപ്പുകളുടെ കാര്യത്തിൽ ഏകദേശ ധാരണയായെങ്കിലും അന്തിമ തീരുമാനം പിന്നീടായിരിക്കും.

ആദ്യ മന്ത്രിസഭാ യോഗം അല്പസമയത്തിനകം ചേരും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി സംസ്ഥാന മുഖ്യമന്ത്രി സ്ഥാനമേറ്റ വി ഡി സതീശനെ അഭിനന്ദിച്ചു. കേന്ദ്ര ഗവണ്മെന്റ് പുതിയ ഗവണ്മെന്റിന് സാധ്യമായ എല്ലാ സഹായവും നൽകുമെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ജനങ്ങളുടെ അഭിലാഷങ്ങൾ പൂർത്തീകരിക്കാൻ ഗവണ്മെന്റിന് കഴിയട്ടെയെന്നും പ്രധാനമന്ത്രി ആശംസിച്ചു.

✪✪✪

നിക്ഷേപത്തിനും, നിർമ്മാണത്തിനും, നവീന കണ്ടുപിടുത്തങ്ങൾക്കും ലോകത്തെ ആകർഷണീയമായ കേന്ദ്രങ്ങളിലൊന്നായി ഇന്ത്യ മാറിയിരിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. സ്വീഡനിലെ

രണ്ട് ദിവസ സന്ദർശനത്തിനിടയിൽ യൂറോപ്യൻ വട്ടമേശ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

എല്ലാ കമ്പനികൾക്കും രാജ്യത്ത് അവസരങ്ങളുണ്ടെന്നും ആവശ്യമായ എല്ലാ പിന്തുണയും, നടപടിയും ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാവുമെന്നും പ്രധാനമന്ത്രി വിശദീകരിച്ചു. പരിഷ്ക്കരണത്തിന്റെ അടിസ്ഥാന മന്ത്രം കഴിഞ്ഞ 12 വർഷങ്ങളായി ഇന്ത്യയെ പരിണാമപ്പെടുത്തുകയാണെന്നും സ്വീഡിഷ് കമ്പനികൾക്ക് തികച്ചും അനുഗുണമായ ഈ സാഹചര്യം ഉപയോഗപ്പെടുത്തണമെന്നും പ്രധാനമന്ത്രി ആവശ്യപ്പെട്ടു.

✪✪✪

നൈപുണ്യ വികസന രംഗത്ത് പുതിയ മുന്നേറ്റത്തിന് തുടക്കം കുറിച്ചുകൊണ്ട് കേന്ദ്രഗവൺമെന്റിന്റെ PM വികാസ് പദ്ധതിക്ക് കോഴിക്കോട്ട് NIT യിൽ തുടക്കമായി.

കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പദ്ധതിഔദ്യോഗിക ഉദ്ഘാടനം ചെയ്തു. NIT ഡയരക്ടർ പ്രഫ.പ്രസാദ് കൃഷ്ണ, കേന്ദ്ര സർവകലാശാല VC ഡോ.സിദ്ദു.P.ആൽകുർ എന്നിവർ സംസാരിച്ചു.

ന്യൂനപക്ഷ വിഭാഗക്കാർക്ക് നൈപുണ്യ വികസനത്തിന് മികച്ച സൗകര്യമാണ് കേന്ദ്രം പദ്ധതിയിലൂടെ ഒരുക്കുന്നതെന്ന് കേന്ദ്രസഹ മന്ത്രി ജോർജ് കുര്യൻ പറഞ്ഞു. "PM വികാസ് നടപ്പിലാക്കിയതിലൂടെ ഒട്ടേറെ സ്ത്രീകൾ സംരംഭകരായി മാറിയെന്നും, സാങ്കേതിക യോഗ്യത നേടിയെന്നും മന്ത്രി വെളിപ്പെടുത്തി.

NIT യിലെ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ ആൻഡ് സ്കിൽ ഡെവലപ്മെന്റിന്റെ നേതൃത്വത്തിലാണ് ചടങ്ങ് സംഘടിപ്പിക്കുന്നത്.

✪✪✪

പശ്ചിമബംഗാളിൽ സംസ്ഥാന ഗവൺമെന്റ് ജോലിയിൽ പ്രവേശിക്കുന്നതിന് പ്രായപരിധി ഉയർത്തി. ഗ്രൂപ്പ് A തസ്തികയിലേക്ക് നിലവിൽ പ്രായപരിധി 41 ആണ്. പബ്ലിക് സർവീസ് കമ്മീഷന് പുറത്തെ നിയമനങ്ങൾക്കടക്കം പ്രായപരിധി 45 ആയി വർദ്ധിപ്പിക്കാനാണ് സുവേന്ദു അധികാരി ഗവൺമെന്റ് തീരുമാനം. ഗ്രൂപ്പ് B തസ്തികകളിലേക്ക് പ്രായപരിധി 45 ആയി ഉയർത്തി. 2026 മെയ് 11 മുതൽ മുൻകാല പ്രാബല്യത്തോടെയാണ് ഉത്തരവിറക്കിറയത്.

✪✪✪

മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസ ടൗൺഷിപ്പിൽ ആദ്യ കുടുംബത്തിന്റെ ഗൃഹപ്രവേശം നടത്തി. ഒന്നാം സോണിൽ D ക്ലസ്റ്ററിലെ 38-ാം

വീട്ടിലാണ് ചൂരൽമല സ്കൂൾ റോഡിലെ K.വിജയനും കുടുംബവും താമസം ആരംഭിച്ചത്. ജില്ലാ കളക്ടർ D.R.മേഘശ്രീയും ടൗൺഷിപ്പ് ചീഫ് ഓപ്പറേറ്റിങ് ഓഫീസർ J.O.അരുണും വീട്ടിലെത്തി. ഗൃഹപ്രവേശനത്തിന് മുന്നോടിയായി മുഴുവൻ നടപടിക്രമങ്ങളും കുടുംബത്തിന്റെ സാന്നിധ്യത്തിൽ പൂർത്തിയാക്കിയിരുന്നു.

ഗൃഹോപകരണങ്ങൾ വാങ്ങാൻ ഗവണ്മെന്റ് അനുവദിച്ച ഒരു ലക്ഷം രൂപയുടെ സാധനങ്ങളും വീട്ടിലെത്തിച്ചു. ഗുണമേന്മാ പരിശോധന പൂർത്തിയാക്കി വീടുകൾ ഏറ്റുവാങ്ങി കൂടുതൽ കുടുംബങ്ങൾ ടൗൺഷിപ്പിലേക്ക് താമസം മാറാൻ സജ്ജരായിട്ടുണ്ട്.

ടൗൺഷിപ്പിൽ ഇതുവരെ 159 വീടുകളുടെ സംയുക്ത പരിശോധന പൂർത്തിയായി. ഇന്ന് ബാക്കി 19 വീടുകളുടെയും കൂടി ഗുണമേന്മ പരിശോധന പൂർത്തിയാക്കും. 178 വീടുകളും വരും ദിവസങ്ങളിൽ ഗുണഭോക്താക്കൾക്ക് കൈമാറും.

✪✪✪

മധ്യപ്രദേശിൽ തിരുവനന്തപുരം സെൻട്രൽ-ഹസ്രത് നിസാമുദ്ദിൻ രാജധാനി എക്സ്പ്രസ്സിൽ ഇന്നലെയുണ്ടായ തീപിടുത്തത്തെ കുറിച്ച് അന്വേഷിക്കാൻ വെസ്റ്റ് സെൻട്രൽ റെയിൽവേ, അന്വേഷണ സമിതി രൂപീകരിച്ചു.

ഇന്നലെ വിക്രംഘഡ് - അലോട്ട് സ്റ്റേഷനുകൾക്കിടയിലാണ് ട്രെയിനിന്റെ ഒരു പാസഞ്ചർ കോച്ചിലും ജനറേറ്റർ കോച്ചിലും തീ പിടിച്ചത്. നിശ്ചിത സമയ പരിധിക്കുള്ളിൽ അന്വേഷണം പൂർത്തിയാക്കാൻ നിർദേശിച്ചിട്ടുണ്ടെന്ന് റെയിൽവേ അറിയിച്ചു.

✪✪✪

ഇന്ന് ലോക എയ്ഡ്സ് വാക്സിൻ ദിനം. HIV പ്രതിരോധ വാക്സിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയാണ് ദിനാചരണ ലക്ഷ്യം. വർഷം തോറും മാറുന്ന ആഗോള പ്രമേയത്തേക്കാൾ, സുരക്ഷിതവും ഫലപ്രദവുമായ ഒരു വാക്സിൻ കണ്ടെത്താൻ പ്രയത്നിക്കുന്ന ശാസ്ത്രജ്ഞരെയും സന്നദ്ധപ്രവർത്തകരെയും ആദരിക്കുന്നതിനാണ് ഈ ദിനം പ്രാധാന്യം നൽകുന്നത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത് ഈ മാസം 31-ന്. പരിപാടിയുടെ 134-ാം പതിപ്പ് ആണിത്. പരിപാടിയിലേക്ക് ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ, നരേന്ദ്ര മോദി

മൊബൈൽ ആപ്പിലൂടെയോ, My gov ഓപ്പൺ ഫോറത്തിലൂടെയോ സമർപ്പിക്കാം. നിർദേശങ്ങൾ ഈ മാസം 29 വരെ സ്വീകരിക്കും.

✪✪✪

സംസ്ഥാനത്ത് ഇന്നും മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലും, ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി.

കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും, മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും നിർദ്ദേശമുണ്ട്.

✪✪✪

ആകാശവാണി അഖില കേരള റേഡിയോ നാടകോത്സവം ഇന്ന് സമാപിക്കും. ആകാശവാണിയുടെ കേരളത്തിലെ എല്ലാ നിലയങ്ങളും രാത്രി 9:30-നാണ് നാടകം പ്രക്ഷേപണം ചെയ്യുന്നത് - പുനഃപ്രക്ഷേപണം ഉച്ചയ്ക്ക് ഒന്നിനാണ്.

✪✪✪

താമരശ്ശേരി ചുരത്തിന് വീതി വർദ്ധിപ്പിക്കുന്നതിനാൽ ഭാര വാഹനങ്ങളും മൾട്ടി ആക്സിൽ ലോറികളും വഴിതിരിച്ചു വിട്ടു.

കോഴിക്കോട്ട് നിന്ന് കൽപ്പറ്റ ഭാഗത്തേക്ക് പോകുന്ന വലിയ വാഹനങ്ങൾ താമരശ്ശേരി ചുങ്കത്തുനിന്ന് തിരിഞ്ഞ് ബാലുശ്ശേരി-കുറ്റ്യാടി വഴിയാണ് പോകുന്നത്. കൽപ്പറ്റയിൽ നിന്ന് കോഴിക്കോട് ഭാഗത്തേക്ക് പോകുന്ന വാഹനങ്ങൾ വൈത്തിരി ടൗണിൽനിന്ന് തിരിഞ്ഞ് പടിഞ്ഞാറത്തറ-തരുവണ-കുറ്റ്യാടി വഴിയും തിരിച്ചുവിടും.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, സൺ റൈസേഴ്സ് ഹൈദരാബാദിനെ നേരിടും. ചെന്നൈ ചിദംബരം സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

പതിനഞ്ചര വർഷത്തെ ഇടവേളയ്ക്ക് ശേഷം പെരിയാർ കടുവാ സങ്കേതത്തിൽ മഞ്ഞൾ കൃഷി പുനരാരംഭിച്ചു. വന്യജീവികളുടെ ശല്യം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി വനാതിർത്തിയോട് ചേർന്ന തരിശുഭൂമികളിലാണ് കൃഷി ഇറക്കിയിരിക്കുന്നത്.

ഇടുക്കിയിൽ നിന്ന് രതീഷ്  കൃഷ്ണ ....

(വോയ്സ്) ........

✪✪✪

വയനാട്ടിലെ പഴയ വൈത്തിരിയിൽ രാവിലെ KSRTC മിന്നൽ ബസ്സും, ഓട്ടോറിക്ഷയും കൂട്ടിയിടിച്ച്  മൂന്നു പേർ  മരിച്ചു. നമ്പിക്കൊല്ലി സ്വദേശി നാരായണൻ, ഭാര്യ സിജി, മകൻ അമൽ  എന്നിവരാണ് മരിച്ചത്.

നാരായണൻ സംഭവസ്ഥലത്തും, ഭാര്യയും മകനും സ്വകാര്യ മെഡിക്കൽ കോളേജിലുമാണ് മരിച്ചത്.

✪✪✪

ഇടുക്കി വെൺമണിയിൽ രാവിലെ  കാറും സ്കൂട്ടറും കൂട്ടിയിടിച്ച് തൊടുപുഴ ന്യൂമാൻ കോളേജ് പ്രൊഫസർ ഡോ.ബിജോയ് തോമസ്  മരിച്ചു. തൊടുപുഴയിലെ  സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും യാത്രാമധ്യേ മരണം സംഭവിച്ചിരുന്നു.

✪✪✪

ജമ്മുകശ്മീർ SSB ബോർഡർ പൊലീസ് സേനാംഗമായ കണ്ണൂർ ഏച്ചൂർ മാവില ചാലിലെ ഷിബിനെ വീടിനകത്ത് മരിച്ച നിലയിൽ കണ്ടെത്തി. 27 വയസ്സായിരുന്നു. ഇന്ന് ഷിബിന്റെ വിവാഹം നടത്താനിരിക്കുകയായിരുന്നു.

✪✪✪

ചെറുവണ്ണൂരിൽ ഗർഭിണിയായ യുവതി കാർ കത്തി പൊള്ളലേറ്റു മരിച്ച സംഭവത്തിൽ ബന്ധുക്കൾ ദുരൂഹത ആരോപിച്ചു. കാർ കത്തിയത് ഷോർട്ട് സർക്യൂട്ട് കൊണ്ടല്ലെന്നാണ് അന്വേഷണ സംഘത്തിന്റെ പ്രാഥമിക നിഗമനം. വാഹനത്തിന്റെ എൻജിൻ ഭാഗത്തും, എണ്ണ ടാങ്ക് ഭാഗത്തും, തീപ്പിടുത്തം ഉണ്ടായിട്ടില്ല. കാറിന്റെ ഉൾവശമാണ് പൂർണമായി കത്തിയതെന്നും  പൊലീസ് അറിയിച്ചു.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 520  രൂപ  കുറഞ്ഞ് ഒരു ലക്ഷത്തി 14,560 രൂപയായി. ഗ്രാമിന് 14,320 രൂപയിലാണ് ഇന്ന്  വ്യാപാരം പുരോഗമിക്കുന്നത്.

✪✪✪

ഇന്ന് അന്താരാഷ്ട്ര മ്യൂസിയം ദിനം. സാംസ്കാരിക വിനിമയത്തിലും സമാധാനത്തിലും മ്യൂസിയങ്ങൾ വഹിക്കുന്ന പങ്കിനെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുകയാണ് ദിനാചരണലക്ഷ്യം. "വിഭജിത ലോകത്തെ ഒന്നിപ്പിക്കുന്ന മ്യൂസിയങ്ങൾ" എന്നതാണ് ഈ വർഷത്തെ അന്താരാഷ്ട്ര മ്യൂസിയം ദിന പ്രമേയം.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: സബിത ആനന്ദ്*
*News Team: അനിൽ ചന്ദ്രൻ, അൻഷ കരീം*
*DEO : ഷീബ*